# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ് (എ.കെ.ജി.സി.ടി.)

## സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 02/2023

## 19.05.2023 എ.കെ.ജി.സി ടി ഭവൻ തിരുവനന്തപുരം.

### മിനിട്സ്

**അജണ്ട**

1. അനുശോചനം
2. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്
3. ജില്ലാ റിപ്പോർട്ടിംഗ്
4. സംഘടന
5. ഐഫെക്ടോ
6. ആവശ്യമായ മറ്റുകാര്യങ്ങൾ

**ഹാജർ**

ഡോ. പി. പി. പ്രകാശൻ, ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. എൻ. മനോജ്, സന്തോഷ് ടി.വർഗീസ്, ഡോ. വിനു ഭാസ്കർ, ഡോ. എം. എസ്. മുരളി, രഘുദാസ് പി. വി., ശശി സി.ടി., ഡോ. സുമി ജോയി ഓലിയപുറം, ഡോ. സഞ്ജയ് കുമാർ എസ്., ഡോ. ടി.എ. ആനന്ദ്, ഡോ. ദിനേശ് കുമാർ, ഡോ. കെ. മാണിക്യരാജ് , ഡോ. എ. ബാലകൃഷ്ണൻ, ഡോ. റിജുലാൽ ജി., ഡോ. ആർ. പ്രഗാഷ്, ഡോ. രഞ്ജിത് മോഹൻ പി., അനൂപ് ജെ. ആലക്കപ്പള്ളി, ആൽബർട്ട് ആന്റണി ടി., രജിത സി. ആർ., ഡോ. വിഷ്ണു വി. എസ്., ഡോ. എം. എ.അസ്കർ, സജിത്കുമാർ പി, സൗമ്യ എസ്., ആസിഫ് ഇക്ബാൽ കാക്കശ്ശേരി, ഡോ. ഷാനവാസ് പി. എച്ച്. ഡോ. ഗായത്രിദേവി, ഡോ. ജയരാജ് ജെ., സുശാന്ത് പി., ഡോ. അശോക് ബി., സോബിൻ വർഗ്ഗീസ്, ഡോ. ശരത്.എസ്., ഡോ. ഉദയകുമാർ, ഡോ. മഞ്ജുള കെ. പി., ഡോ. അജി പി. എൽ., ഡോ. ഷജിലാ ബീവി, ഡോ. പ്രദീപ് കുമാർ, ഡോ. സുനിതാ ഗണേഷ്, ഡോ.കെ. റഹിം.

രാവിലെ 10 മണിക്ക് എ.കെ.ജി.സി.ടി ഭവനിൽ ചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡണ്ട് ഡോ. പി. പി. പ്രകാശൻ ആധ്യക്ഷ്യം വഹിച്ചു. സംസ്ഥാന ട്രഷറർ ഡോ.എൻ.മനോജ് അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

നെടുമങ്ങാട് ഗവ.കോളേജിലെ ഇക്കണോമിക്സ് വിഭാഗം അധ്യാപികയും എ.കെ.ജി.സി.ടി അംഗവുമായ ശ്രദ്ധ ടീച്ചർ, കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ഡ്യൂട്ടിക്കിടെ ആക്രമണത്തിനിരയായി ജീവൻ നഷ്ടപ്പെട്ട വനിതാ ഡോക്ടർ വന്ദന ദാസ്,താനൂർ ബോട്ട് അപകടത്തിൽ മരണപ്പെട്ടവർ, സി.പി.ഐ.എം. മുൻ സംസ്ഥാന സെക്രട്ടറിയേറ്റംഗവും മുൻ എം.എൽ.എ.യുമായ സ.എം.ചന്ദ്രൻ, മുൻ എം.എൽ.എ.യും യൂണിവേഴ്സിറ്റി കോളേജ് പ്രിൻസിപ്പാളുമായിരുന്ന നബീസ ഉമ്മാൾ, പ്രമുഖ ചലച്ചിത്ര താരം മാമുക്കോയ, ചലച്ചിത്ര നിർമ്മാതാവ് പി. കെ. രാമചന്ദ്രൻ പിള്ള തുടങ്ങിയവരുടെ നിര്യാണത്തിൽ എ.കെ.ജി.സി.ടി. സംസ്ഥാന പ്രവർത്തക സമിതി യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളേ,

സർക്കാർ കോളേജുകളിലെ പ്രിൻസിപ്പൽ നിയമനം സംബന്ധിച്ച് അധ്യാപകരിൽ നിന്നും ലഭിച്ച പരാതികളിൽ തീരുമാനം എത്രയും വേഗം എടുത്ത് നിയമനം നടത്താനായി വേണ്ട ഇടപെടൽ നടത്തിവരുന്നു. പ്രൊഫസർ നിയമനം

സംബന്ധിച്ച് അധ്യാപകരിൽ നിന്നും ലഭിച്ച പരാതിയിൻമേൽ കോളേജ് വിദ്യാഭ്യാസ വകുപ്പ് പതിനഞ്ചാം തീയ്യതി മുതൽ ആവശ്യമായ പരിശോധനകൾ നടത്തിവരുന്നു. അധ്യാപകരുടെ പ്രൊമോഷൻ സംബന്ധിച്ച മാനദണ്ഡങ്ങൾക്ക് അന്തിമരൂപം നൽകി വരുന്നു.ഇത് പൂർത്തിയായാൽ ഉടനെ പുതിയ പ്ലെയ്സ്മെന്റുകളുടെ അപേക്ഷ വിളിക്കുന്നതാണ്. നിലവിൽ പ്ലെയ്സ്മെന്റ് ലഭിച്ച അധ്യാപകർക്ക് പുതിയ പേസ്ലിപ്പ് ലഭിക്കാൻ കാലതാമസം നേരിടുന്ന വിഷയത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ വേണ്ട ഇടപെടൽ നടത്തുന്നതാണ്, ഈ വിഷയത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് സംഘടന കത്ത് നൽകിയിട്ടുണ്ട്. ബി. ഓപ്ഷൻ അനുസരിച്ച് പ്രൊമോഷന് അപേക്ഷിച്ച അധ്യാപകരുടെ ഉത്തരവ് ഇറങ്ങുകയും ഇതിൽ എന്തെങ്കിലും പോരായ്മകൾ ഉള്ള അപേക്ഷകർക്ക് അവ പരിഹരിക്കുന്നതിന്റെ ഭാഗമായി ഡിഫക്ട് നോട്ട് അയക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. ട്രാൻസ്ഫർ നോംസ് ഫെബ്രുവരിയിൽ സംഘടനകളുമായി ഉന്നത വിദ്യാഭ്യാസ വകുപ്പ് നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ പരിഷ്കരിക്കുന്നതിനും ഈ വർഷത്തെ സ്ഥലംമാറ്റം സമയബന്ധിതമായി നടത്തുന്നതിലും സംഘടന ഇടപെടും. കോളേജ് വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ നമ്മൾ ഡയറക്ടറുമായി ചർച്ച നടത്തുകയും വകുപ്പിന്റെ ഭാഗത്ത് നിന്നും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഉറപ്പ് ലഭിക്കുകയും ചെയ്ത സാഹചര്യത്തിൽ നമ്മൾ പ്രക്ഷോഭ പരിപാടികൾ തൽക്കാലത്തേക്ക് മാറ്റിവെയ്ക്കുന്നതാണ് ഉചിതം. എന്നാൽ ഉറപ്പുകൾ പാലിക്കാത്ത പക്ഷം ശക്തമായ പ്രക്ഷോഭത്തിന് രൂപം നൽകുകയും വേണം. മ്യൂസിക് കോളേജ് അധ്യാപകരുടെ യു.ജി.സി., അറബിക് അധ്യാപകരുടെ സർവ്വീസ് വിഷയം, നമുക്ക് ലഭിക്കാനുള്ള ഡി.എ., അരിയർ, പി.എച്ച്.ഡി. അഡ്വാൻസ് ഇൻക്രിമെന്റ് എന്നീ വിഷയങ്ങളിൽ തുടർന്നും സംഘടന ആവശ്യമായ ഇടപെടൽ നടത്തും. കേന്ദ്ര സർക്കാർ വിദ്യാഭ്യാസ മേഖലയെ കാവി വത്ക്കരിക്കുന്നതിനെതിരെ ശക്തമായ പ്രതിഷേധങ്ങൾ സംഘടിപ്പിക്കണം. കേരള, കാലിക്കറ്റ് സർവകലാശാലകളിലേക്ക് നടക്കുന്ന സെനറ്റ് തിരഞ്ഞെടുപ്പിൽ സംഘടനയുടെ മുഴുവൻ സ്ഥാനാർത്ഥികളേയും വിജയിപ്പിക്കുന്നതിനു വേണ്ട പ്രവർത്തനം നാം നടത്തണം. ജൂൺ 9, 10 തീയ്യതികളിൽ നാഗാലാന്റിൽ ചേരുന്ന ഐഫെക്ടോ നാഷണൽ എക്സിക്യൂട്ടിവ് യോഗത്തിലും സെമിനാറിലും സംഘടനയുടെ പ്രാതിനിധ്യം ഉണ്ടാവേണ്ടതുണ്ട്. കഴിഞ്ഞ സംസ്ഥാന സമ്മേളനം സംബന്ധിച്ച വിശദമായ ചർച്ചയും വിലയിരുത്തലും അടുത്ത യോഗത്തിൽ നടത്തും.

ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് മേൽ വിഷയങ്ങളിൽ വിശദമായ ചർച്ച നടന്നു. തുടർന്ന് താഴെ പറയുന്ന തീരുമാനങ്ങളെടുത്തു.

**തീരുമാനങ്ങൾ**

1. മ്യൂസിക് കോളേജ് അധ്യാപകരുടെ യു.ജി.സി., അറബിക് അധ്യാപകരുടെ സർവ്വീസ് വിഷയം, നമുക്ക് ലഭിക്കാനുള്ള ഡി.എ, യു.ജി.സി. അരിയർ, പി.എച്ച്.ഡി. അഡ്വാൻസ് ഇൻക്രിമെന്റ്, എൻ.പി.എസ് വിഷയത്തിൽ സംഘടന ആവശ്യമായ ഇടപെടൽ നടത്തും.
2. എത്രയും വേഗം കൺവൻഷൻ ചേർന്ന് ആലപ്പുഴ ജില്ലാകമ്മറ്റി രൂപീകരിക്കുവാൻ മേഖല സെക്രട്ടറി ഡോ. വിനു ഭാസ്കറെ ചുമതലപ്പെടുത്തി.
3. സ്പെഷ്യൽ റൂൾസ് ഭേദഗതി,ട്രാൻസ്ഫർ നോംസ് പരിഷ്കരണം എന്നിവയിൽ വേണ്ട ഇടപെടൽ നടത്തും.
4. സംഘടനയുടെ അക്കാദമിക് ജേർണലിന്റെ ചുമതല കെ.കെ.ടി.എം. ഗവ. കോളേജിലെ അധ്യാപകനായ ഡോ.കെ.കെ.മുഹമ്മദ് ബഷീറിന് നൽകി.
5. ജൂലൈ മാസത്തിൽ വനിതാ സബ് കമ്മറ്റിയുടെ സംസ്ഥാനതല പ്രവർത്തനോദ്ഘാടനവും, ക്യാമ്പും നടത്താൻ തീരുമാനിച്ചു.

6. യൂണിറ്റ്/ ജില്ലാ കമ്മറ്റികൾ സമയബന്ധിതമായി ചേരണം. യൂണിറ്റുകളുടെ ചുമതല പ്രവർത്തക സമിതി അംഗങ്ങൾക്ക് നൽകണം.
7. സംഘടനാ ഓഫീസ് നവീകരിക്കുവാൻ തീരുമാനിച്ചു.
8. കേന്ദ്രസർക്കാർ നടത്തിവരുന്ന വിദ്യാഭ്യാസ മേഖലയുടെ കാവിവത്ക്കരണത്തിനെതിരെ റിട്ടയേർഡ് ടീച്ചേഴ്സിന്റെ സംഘടനയുമായി ചേർന്ന് ജൂലൈ മാസത്തിൽ സെമിനാർ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.
9. ജൂൺ 9, 10 തീയ്യതികളിൽ നാഗാലാന്റിൽ ചേരുന്ന ഐഫെക്ടോ നാഷണൽ എക്സിക്യൂട്ടീവിൽ ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. എൻ. മനോജ് എന്നിവർ പങ്കെടുക്കും.
10. സംഘശബ്ദത്തിന്റെ പ്രിന്റർ/ പബ്ലിഷറായി സംഘടനാ ജന.സെക്രട്ടറിയെ തീരുമാനിച്ചു.
11. കേരള, കാലിക്കറ്റ് സർവകലാശാലകളിലേക്ക് നടക്കുന്ന സെനറ്റ് തിരഞ്ഞെടുപ്പിൽ സംഘടനയുടെ മുഴുവൻ സ്ഥാനാർത്ഥികളേയും വിജയിപ്പിക്കുന്നതിനു വേണ്ട ശക്തമായ പ്രവർത്തനം നടത്താൻ തീരുമാനിച്ചു.

യോഗം 4 മണിക്ക് അവസാനിച്ചു

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
19-05-2023

ഡോ. മുഹമ്മദ് റഫീഖ് ടി.
ജനറൽ സെക്രട്ടറി